കുഞ്ഞമ്പു ഡോക്ടറുടെ സ്വത്ത് തട്ടിയെടുക്കാൻ ശ്രമിച്ചവരുടെ ക്വട്ടേഷനെന്ന് സംശയം

പത്മൻ കോഴൂരിനെ വധിക്കാൻ ശ്രമിച്ചത് ജ്വല്ലറി കവർച്ച കേസിലെ മുഖ്യപ്രതി

തളിപ്പറമ്പ: നഗരത്തിലെ ജനകീയ ഡോക്ടറായിരുന്ന കുഞ്ഞമ്പു നായരുടെ കോടികളുടെ സ്വത്ത് തട്ടിയെടുക്കാൻ മകനെ കൊലപ്പെടുത്തിയ മാഫിയ സംഘത്തിനെതിരെ പോരാട്ടം സംഘടിപ്പിക്കുന്ന കർമ്മസമിതിയുടെ ജനറൽ കൺവീനർ തൃച്ചംബരത്തെ പത്മൻ കോഴൂരിന് നേരെ വധശ്രമം. അംബിക ജ്വല്ലറി ഉടമയെ അക്രമിച്ച് ലക്ഷങ്ങളുടെ സ്വർണ്ണം കവർന്ന കേസിലെ മുഖ്യപ്രതി മുമ്പ് നരിക്കോട് താമസിച്ചിരുന്ന തീർത്ഥം മനോജാണ് വാഹനമിടിപ്പിച്ച് കൊല്ലാൻ ശ്രമിച്ചത്. ഇന്നലെ രാവിലെയായിരുന്നു സംഭവം അരങ്ങേറിയത്.

ദേശീയപാതയിൽ തൃച്ചംബരം പെട്രോൾ പമ്പിന് സമീപത്തെ പത്മൻ കോഴൂരിന്റെ വീടിന് മുന്നിൽ വച്ചാണ് മനോജ് വാഹനം ഇടിപ്പിക്കാൻ ശ്രമിച്ചത്. പത്മന്റെ വീടിന്റെ മുൻവശത്തുള്ള കുഞ്ഞമ്പു ഡോക്ടറുടെ സ്ഥലം കയ്യേറി അനിലും കുടുംബവും താമസിക്കുന്നുണ്ട്. ഇവിടെ നിന്ന് ലക്ഷങ്ങളുടെ മരം മുറിച്ച് കടത്തിയതിന് കുഞ്ഞമ്പു ഡോക്ടറുടെ മക്കളുടെ പരാതിയിൽ അനിലിനെതിരെ തളിപ്പറമ്പ പോലീസ് കേസെടുത്തിരുന്നു. ഇതേ തുടർന്ന് ഇയാൾ ഒരു മാസത്തിലധികമായി ഒളിവിലാണ്. തീർത്ഥം മനോജും സഹായികളുമാണ് അനിലിന്റെ വീട്ടുകാര്യം നോക്കുന്നത്. ഈ വീട്ടിൽ നിന്ന് വാഹനവുമായി ഇറങ്ങി വന്നാണ് പത്മനെ വധിക്കാൻ ശ്രമിച്ചത്. കേസിന്റെ ആവശ്യങ്ങൾക്കായി ചെന്നൈയിൽ നിന്ന് കുഞ്ഞമ്പു ഡോക്ടറുടെ പേരമക്കൾ ഇന്നലെ തളിപ്പറമ്പിലെത്തിയിരുന്നു. ഇവരെ കാത്ത് നിൽക്കവെയാണ് സംഭവം നടന്നത്.

നേരത്തെ പത്മൻ കോഴൂരിനെ കാറിടിച്ച് കൊല്ലാൻ ശ്രമിച്ചിരുന്നു. അന്ന് പരാതി നൽകിയിരുന്നു. സംഭവം ആവർത്തിച്ചതിനെ തുടർന്ന് ഇന്നലെ രാവിലെ തന്നെ പത്മൻ കോഴൂർ ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലിന് നേരിട്ട് പരാതി നൽകി. മൊഴി എടുക്കുന്നതിനിടയിൽ ദേഹാസ്വാസ്ഥ്യം ബാധിച്ച പത്മൻ കോഴൂരിനെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

ഹോട്ടൽ തൊഴിലാളികളുടെ കഴുത്തറക്കൽ: ആത്മഹത്യാശ്രമത്തിന്റെ ഭാഗം

പരിയാരത്തും ഇതര സംസ്ഥാന തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങുന്നത് വ്യാപകം

പരിയാരം: അന്യസംസ്ഥാനക്കാരായ ഹോട്ടൽ തൊഴിലാളികൾ ജീവഹാനി ഭയന്ന് സ്വദേശത്തേക്ക് മടങ്ങുന്നത് വ്യാപകമായിരിക്കെ പരിയാരത്ത് ഹോട്ടൽ തൊഴിലാളിയെ കഴുത്തറുത്ത് കൊല്ലാൻ ശ്രമമെന്ന പ്രചരണം വ്യാജമാണെന്ന് തെളിഞ്ഞു. ഒഡീഷ സ്വദേശി മംഗളു (21)വിന്റെ കഴുത്തിലുണ്ടായ മുറിവ് ആത്മഹത്യാശ്രമത്തിന്റെ ഭാഗമാണെന്നാണ് പോലീസ് നിഗമനം. മെഡിക്കൽ കോളേജ് കാമ്പസിലുള്ള ടി.കെ.സി. ഹോട്ടലിലെ തൊഴിലാളിയാണ് മംഗളു. മിനിഞ്ഞാന്ന് പുലർച്ചെ നാലരയോടെ താമസസ്ഥലത്ത് രക്തത്തിൽ കുളിച്ച് കിടന്ന നിലയിൽ കാണപ്പെട്ട ഇയാൾ മെഡിക്കൽ കോളേജിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. ഇതര സംസ്ഥാന തൊഴിലാളികളായ സഹപ്രവർത്തകർക്കൊപ്പം അടച്ചിട്ട മുറിയിലാണ് ഇയാളെ ചോര വാർന്ന നിലയിൽ കണ്ടത്. കൂടെ താമസിക്കുന്ന ഒമ്പത് പേരെയും പോലീസ് മിനിഞ്ഞാന്ന് പുലർച്ചെ തന്നെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തിരുന്നു. പൂട്ടിയിട്ട ഗ്രിൽസിലൂടെ തന്നെ പുറത്തുനിന്നുള്ള അജ്ഞാതരായ മൂന്നു പേർ പിടിച്ചു നിർത്തി കഴുത്തറുത്തതാണെന്ന് ഇയാൾ പറഞ്ഞതോടെ പോലീസ് അങ്കലാപ്പിലായിരുന്നു. അകത്തുള്ളവരിൽ ആരെങ്കിലുമാകാം കൃത്യം നടത്തിയതെന്ന അനുമാനത്തിലാണ് മറ്റുള്ളവരെ ചോദ്യം ചെയ്തതെങ്കിലും ഇവർ നിരപരാധികളാണെന്ന് കണ്ടെത്തി. ഒടുവിൽ മെഡിക്കൽ കോളേജിലെ പോലീസ് സർജൻ ഡോ. എസ്. ഗോപാലകൃഷ്ണപിള്ളയുടെ നിരീക്ഷണത്തോടെ സംഭവം ആത്മഹത്യാശ്രമാണെന്ന നിഗമനത്തിലെത്തുകയായിരുന്നു. താമസസ്ഥലവും പരിക്കും പരിശോധിച്ചാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. കസ്റ്റഡിയിലെടുത്ത തൊഴിലാളികളെ മിനിഞ്ഞാന്ന് രാത്രിയോടെ വിട്ടയക്കുകയും ചെയ്തു. അതിനിടെ പരിയാരത്തുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ കോഴിക്കോട്ടെ വ്യാജ സന്ദേശവും പരിയാരത്തെ കഴുത്തറക്കലും നടുക്കം സൃഷ്ടിച്ചതോടെ ഇവരിൽ ഭൂരിഭാഗവും നാട്ടിലേക്ക് മടങ്ങി. പല ഹോട്ടലുകളും ഭാഗികമായി മാത്രമാണ് പ്രവർത്തിക്കുന്നത്.

എം.എസ്.എഫ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ എ.ഇ.ഒ ഓഫീസിലേക്ക് നടത്തിയ മാർച്ച് താലൂക്ക് ഓഫീസ് ഗെയിറ്റിൽ പോലീസ് തടയുന്നു

വയൽ നികത്തി പെട്രോളിയം പദ്ധതി; കർമ്മ സമിതി ധർണ്ണ നടത്തി

കണ്ണൂർ: പയ്യന്നൂർ കണ്ടങ്കാളിയിൽ നെൽവയൽ നികത്തി പെട്രോളിയം പദ്ധതി സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കർമ്മ സമിതിയുടെ നേതൃത്വത്തിൽ കലക്ട്രേറ്റിന് മുന്നിൽ ധർണ്ണ നടത്തി. കീഴാറ്റൂർ സമര നായിക നമ്പ്രാടത്ത് ജാനകി ഉദ്ഘാടനം ചെയ്തു. ടി.പി. പത്മനാഭൻ, അപ്പുക്കുട്ടൻ കാരയിൽ, കെ. സുനിൽകുമാർ, വിനോദ്കുമാർ രാമന്തളി, ഹരി ചക്കരക്കൽ പ്രസംഗിച്ചു.

എസ്.ഇ.എസ് കോളേജിൽ സംഘട്ടനം; നാല് പേർക്ക് പരിക്ക്

ശ്രീകണ്ഠപുരം: എസ്.ഇ.എസ് കോളേജിൽ എസ്.എഫ്.ഐ-എം.എസ്.എഫ് പ്രവർത്തകർ ഏറ്റുമുട്ടിയതിൽ നാല് പേർക്ക് പരിക്കേറ്റു. എം.എസ്.എഫ് പ്രവർത്തകരായ ഒന്നാംവർഷ ബി.എ വിദ്യാർത്ഥി പഴയങ്ങാടിയിലെ മിർദാസ് (19), ഒന്നാംവർഷ ബി.കോം വിദ്യാർത്ഥി തളിപ്പറമ്പിലെ ബിലാൽ (19), കോട്ടൂരിലെ ഫഹിം മുസ്തഫ (19) എന്നിവരെ ഇരിക്കൂർ ഗവ. ആശുപത്രിയിലും എസ്.എഫ്.ഐ പ്രവർത്തകനായ രണ്ടാംവർഷ ബി.എസ്.സി വിദ്യാർത്ഥി ആദർശ് (20)നെ തളിപ്പറമ്പ സഹ. ആശുപത്രിയിലും പ്രവേശിപ്പിച്ചു.

ആദരാഞ്ജലികൾ

മാത്യു ചാണാക്കാട്ടിൽ (കുട്ടിച്ചേട്ടൻ)
കുറ്റിപ്പുഴ, കരുവഞ്ചാൽ

ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികളോടെ.
കരുവഞ്ചാൽ ടൗൺ ലയൺസ് ക്ലബ്
മെമ്പേഴ്സ് ആന്റ് ഫാമിലീസ്

പാഠപുസ്തക അച്ചടിപ്പിശക്: എം.എസ്.എഫ് മാർച്ച് നടത്തി

തളിപ്പറമ്പ: പാഠപുസ്തക അച്ചടിയിലെ അപാകതകളുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് വിദ്യാഭ്യാസ മന്ത്രി സി. രവീന്ദ്രനാഥ് രാജി വെക്കണമെന്നാവശ്യപ്പെട്ട് എം.എസ്.എഫ് തളിപ്പറമ്പ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ എ.ഇ.ഒ ഓഫീസിലേക്ക് മാർച്ച് നടത്തി. എം.എസ്.എഫ് സംസ്ഥാന ഉപാധ്യക്ഷൻ ഫൈസൽ ചെറുകുന്നോൻ ഉദ്ഘാടനം ചെയ്തു. ദേശീയപതാകയുടെ നിറം പോലും അറിയാത്തവരാണ് വിദ്യാഭ്യാസ വകുപ്പിലുള്ളതെന്നും പതാകയിലെ പച്ച നിറത്തിന് പകരം കറുത്ത നിറം നൽകിയവരാണ് ഇവരെന്നും അദ്ദേഹം പറഞ്ഞു. മണ്ഡലം പ്രസിഡണ്ട് ആസിഫ് ചപ്പാരപ്പടവ് അധ്യക്ഷനായി. പി. മുഹമ്മദ് ഇഖ്ബാൽ, പി.സി. നസീർ, ജംഷീർ ആലക്കാട്, മുഹമ്മദ്കുഞ്ഞി കുപ്പം സംസാരിച്ചു. മുസമ്മിൽ ദാലിൽ സ്വാഗതവും ഇർഫാൻ നന്ദിയും പറഞ്ഞു. പ്രവർത്തകർ താലൂക്ക് ഓഫീസിലേക്ക് പ്രവേശിക്കുന്നത് ഗെയിറ്റിനടുത്ത് വെച്ച് പോലീസ് തടഞ്ഞത് ചെറിയ ഉന്തിലും തള്ളിലും കലാശിച്ചു.

പയ്യന്നൂരിൽ മൂവായിരം പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി

പയ്യന്നൂർ: പെരുമ്പയിലെ ബിസ്മില്ലാ സ്റ്റോറിൽ നിന്ന് പയ്യന്നൂർ എസ്.ഐ കെ.പി.ഷൈനും സംഘവും മൂവായിരം പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. ഇന്നലെ രാത്രി ഏഴുമണിയോടെ ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് ബിസ്മില്ലാ സ്റ്റോറിൽ നിന്നും ഹാൻസ്, കൂൾലിപ്പ് പേരുകളിലുള്ള മൂവായിരം പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയത്. ചെറുപ്പക്കാരിലും വിദ്യാർത്ഥികൾക്കിടയിലും വർധിച്ചുവരുന്ന പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗത്തെ കുറിച്ച് വ്യാപക പരാതിയുയരുന്ന സാഹചര്യത്തിലാണ് പോലീസ് ഇവ പിടികൂടിയത്. അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായുള്ള പെരുമ്പ പ്രദേശങ്ങളിൽ പുകയില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും കൂടുതലാണ്. സ്റ്റോർ ഉടമ വടക്കേപ്പുറമ്പിൽ നിസാറിനെ പോലീസ് കസ്റ്റഡിയിലെടുത്തു. എസ്.ഐക്കൊപ്പം എ.എസ്.ഐ ടോമി, സി.പി.ഒ ബിജു കരിപ്പാൽ, ഡ്രൈവർ രാജേഷ് ബാബു എന്നിവരങ്ങിയ സംഘമാണ് പരിശോധന നടത്തിയത്.

ഏജൻസി കൈമാറാനുണ്ട്

പരിയാരം ചിതപ്പിലെ പൊയിലിലെ മക്തബ് പത്രം ഏജൻസി കൈമാറാനുണ്ട്. ഉടൻ ബന്ധപ്പെടുക:
Ph: 9447662633

ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തായത് നഗരസഭയുടെ കർശന നടപടികൾക്കിടയിൽ

തളിപ്പറമ്പിൽ കന്നുകാലി മാഫിയ പിടിമുറുക്കുന്നു

തളിപ്പറമ്പ: പലതരം മാഫിയകളെക്കുറിച്ച് കേട്ടിട്ടുണ്ട്. എന്നാൽ കന്നുകാലി മാഫിയെക്കുറിച്ച് തളിപ്പറമ്പുകാർ കേൾക്കുന്നത് ആദ്യം. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന കന്നുകാലികളെ പിടികൂടി ലേലം ചെയ്യാൻ തുടങ്ങിയപ്പോഴാണ് ഞെടിക്കുന്ന വിവരങ്ങൾ പുറത്തായത്. വളർത്താൻ സ്ഥലമില്ലാത്തവർ കന്നുകാലികളെ അഴിച്ചുവിടുന്നുവെന്ന് മാത്രമാണ് നാട്ടുകാരും നഗരസഭ അധികാരികളും ധരിച്ചത്. എന്നാൽ ഇതിന് പിന്നിൽ വൻ മാഫിയ പ്രവർത്തിക്കുന്നതിന്റെ വ്യക്തമായ തെളിവുകളാണ് ലഭിച്ചത്. 32 പശുക്കളെ വരെ സ്വന്തമായുള്ളവരുണ്ട്. 500 രൂപക്ക് കന്നുകുട്ടിയെ വിലക്ക് വാങ്ങി നഗരത്തിൽ അലയാൻ വിടും. കാളയാണെങ്കിൽ വളർച്ച എത്തുന്നതോടെ വിശേഷ ദിവസങ്ങളിൽ വിൽക്കും. 25000ത്തിനും 40000നും ഇടയിലാണ് ഇവയെ വിൽക്കുന്നത്. ആരാണ് കാളയുടെ ഉടമയെന്ന് മറ്റാർക്കും അറിയില്ല. കാളക്കും ഉടമക്കും മാത്രമാണ് അറിയുക. ദിവസത്തിൽ ഒരുതവണ ഉടമ കാളയെ സന്ദർശിക്കും. ചെവി പിടിച്ച് നെറ്റിയിൽ തടവും ഇടക്ക് വീട്ടിലേക്ക് കൊണ്ടുപോയി വെള്ളം നൽകും. ഇങ്ങനെ കാളയുമായി ബന്ധം തുടരും. ഒരു മുതൽമുടക്കുമില്ലാതെ ഉടമ കൊയ്യുന്നത് ലക്ഷങ്ങളാണ്. ഇനി പശുക്കിടാവാണെങ്കിൽ നഗരത്തിലെ ഭക്ഷണം കഴിച്ച് വലുതാകും. പ്രസവിക്കുന്നതോടെ പശു കറവിനായി മാത്രം വീട്ടിലെത്തും. അത് ഒരു പ്രത്യേക ട്രെയിനിംഗാണ്. രാവിലെ ആറ് മണിക്കാണ് ഉടമകൾ ഇവയെ തേടി നഗരത്തിലെത്തുക. കാക്കാത്തോട് ബസ്സ്റ്റാന്റ്, സയ്യിദ് നഗർ, ഹൈവേ തുടങ്ങിയ സ്ഥലങ്ങളിൽ ഇവരെ കാണാൻ കഴിയും. ആരെങ്കിലും പശുവിനെ പിടിച്ച് കൊണ്ടുപോയാൽ ഗുണ്ടകളെ ഉപയോഗിച്ച് കനത്ത തിരിച്ചടി നൽകും. ഇത്തരത്തിലുള്ള കന്നുകാലി വളർത്തലിലൂടെ ലക്ഷങ്ങളാണ് ഇവർ സമ്പാദിക്കുന്നത്.

കഴിഞ്ഞ ദിവസങ്ങളിൽ അലഞ്ഞ് തിരിയുന്ന കന്നുകാലികളെ പിടികൂടി ലേലത്തിന് വെച്ചപ്പോഴാണ് മിക്കതിന്റെയും ഉടമകൾ ഒരാൾ തന്നെയാണെന്ന് മനസിലായത്. നഗരത്തിലെ റോഡുകളിലൂടെ വഴി നടക്കാൻ കഴിയാത്ത വിധമാണ് കന്നുകാലികൾ മേയുന്നത്. പച്ചക്കറിയുടെയും മറ്റും അവശിഷ്ടങ്ങൾ കഴിച്ച് വളരെ വേഗം തടിച്ച് കൊഴുത്ത് ഇറച്ചി പാകത്തിലാകുന്നതിനാൽ കാളകൾക്ക് നല്ല വില കിട്ടുന്നുണ്ട്. കറവുള്ള പശുക്കൾക്കാണെങ്കിൽ ഒരു രൂപയുടെ കാലിത്തീറ്റയോ പുല്ലോ കൊടുക്കുന്നില്ലെങ്കിലും 30 ലിറ്റർ വരെ പാല് കിട്ടുന്നുണ്ട്. മാലിന്യങ്ങളിൽ നിന്നാണെങ്കിലും പോഷകാഹാരമാണ് ഇവക്ക് കൂടുതലും കിട്ടുന്നത്. അതിനിടെ അലഞ്ഞ് തിരിയുന്ന കന്നുകാലികളെ പിടികൂടുന്ന നഗരസഭയുടെ നീക്കം അട്ടിമറിക്കാനും ഇവർ ശ്രമം തുടങ്ങിയിട്ടുണ്ട്.

യഥാർത്ഥ പ്രതിയെ ഒഴിവാക്കി കേസ് അട്ടിമറിക്കാനുള്ള പോലീസ് നീക്കം കോടതി തടഞ്ഞു

തളിപ്പറമ്പ: വാഹനാപകടത്തിൽ മരിച്ച ബൈക്ക് യാത്രികനെ പ്രതിയാക്കി ലോറി ഡ്രൈവറെ പ്രതിപ്പട്ടികയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് പോലീസ് തയ്യാറാക്കിയ കുറ്റപത്രം കോടതി നിരാകരിച്ചു. ലോറി ഡ്രൈവർക്കെതിരേ കേസെടുത്ത കോടതി ഇയാൾക്ക് ഹാജരാകാൻ സമൻസ് അയക്കാൻ ഉത്തരവിട്ടു.

2013 ജൂലായ് അഞ്ചിന് വൈകീട്ട് മൂത്തേടത്ത് ഹൈസ്കൂൾ പരിസരത്ത് ലോറിയിടിച്ച് ബൈക്ക് യാത്രികനായ ഏഴാംമൈലിലെ ഒ.ജെ.സാജു മരിച്ച കേസിന്റെ നടപടിയിലാണ് കോടതി ഉത്തരവ്. സാജുവിന്റെ ഭാര്യ സിജി സാജു (40), അഡ്വ. ബിനോയ് തോമസ് മുഖേന നൽകിയ ഹർജിയിലാണ് കേസെടുത്ത് പ്രതി ഹാജരാകാനായി ജനുവരി ആറിലേക്ക് കേസ് കോടതി മാറ്റിയത്.

സാജു സഞ്ചരിച്ച കെ.എൽ 59 ഡി 8535 ബൈക്കിനെ മറികടക്കാൻ ശ്രമിച്ച കെ.എൽ 10 എ.ഡി 5014 ലോറി ബൈക്കിലിടിച്ചാണ് സാജു മരണപ്പെട്ടത്. ദൃക്സാക്ഷികൾ ആശുപത്രിയിലെത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു. സാക്ഷിമൊഴി പ്രകാരം ലോറി ഡ്രൈവർ മലപ്പുറം സ്വദേശി നിസാമുദ്ദീനെ പോലീസ് അറസ്റ്റ് ചെയ്തു. എന്നാൽ പിന്നീട് സാജുവിന്റെ ഭാര്യയോട് അന്വേഷണ ഉദ്യോഗസ്ഥൻ, ലോറി ഡ്രൈവറെ ന്യായീകരിച്ച് സാജുവാണ് അപകടത്തിന് കാരണക്കാരനെന്ന നിലയിലാണത്രെ സംസാരിച്ചത്. സാജുവിന്റെ ബന്ധുക്കളായ ചിലരുടെ മൊഴിയെന്ന നിലയിൽ അവർ അറിയാതെ അന്വേഷണ ഉദ്യോഗസ്ഥൻ സ്വന്തം നിലയിൽ ലോറി ഡ്രൈവർക്കനുകൂലമായ മൊഴികൾ രേഖപ്പെടുത്തി കോടതിയിൽ ഫയൽ ചെയ്യുകയായിരുന്നുവത്രെ. ലോറി വിട്ടുകൊടുത്തതിലും തിരിമറി നടത്തി. കുറ്റം ചെയ്തിട്ടില്ലെങ്കിലും രണ്ട് ലക്ഷം രൂപ നൽകാമെന്ന് ഡ്രൈവർ പോലീസ് മുഖേന സാജുവന്റെ ഭാര്യയെ അറിയിച്ചതും ഭർത്താവിന്റെ നിരപരാധിത്വത്തിന് തെളിവാണെന്ന് ഹരജിയിൽ ചൂണ്ടിക്കാട്ടി.

വീട്ടമ്മയുടെ സ്വർണ്ണമാല ബൈക്കിലെത്തിയ സംഘം കവർന്നു

ആലക്കോട്: പള്ളിയിലേക്ക് നടന്നു പോവുകയായിരുന്ന വീട്ടമ്മയുടെ രണ്ട് പവന്റെ മാല ബൈക്കിലെത്തിയ സംഘം കവർന്നു. കുട്ടാപറമ്പ് കുരുടിക്കൊല്ലിയിലെ വാഴയ്ക്കപ്പാറ ജേക്കബിന്റെ ഭാര്യ മേരി (63)യാണ് കവർച്ചക്ക് ഇരയായത്. ഇന്ന് രാവിലെ 5.40ന് വീടിന് സമീപം കുട്ടാപറമ്പ് മെയിൻറോഡിലാണ് സംഭവം. കുട്ടാപറമ്പ് ലിറ്റിൽ ഫ്ളവർ പള്ളിയിലേക്ക് നടന്നു പോവുകയായിരുന്നു മേരി. ഇതിനിടെ കാർത്തികപുരത്ത് നിന്ന് ആലക്കോട് ഭാഗത്തേക്ക് ബൈക്കിൽ വന്ന രണ്ടംഗ സംഘമാണ് മാല കവർന്നത്. ആദ്യം മേരിയെ കടന്നുപോയ ബൈക്ക് തിരിച്ചു വന്ന് ഇവരുടെ അടുത്ത് നിർത്തിയ ശേഷം കഴുത്തിൽ നിന്ന് മാല പൊട്ടിച്ചെടുത്ത് ആലക്കോട് ഭാഗത്തേക്ക് തന്നെ രക്ഷപ്പെടുകയായിരുന്നു. ബൈക്കിന്റെ ഹെഡ്‌ലൈറ്റിൽ നിന്നുള്ള വെളിച്ചം മുഖത്ത് അടിച്ചതിനാൽ മേരിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഇതിനിടെ ബൈക്കിൽ സ്ഥലംവിട്ട കവർച്ചക്കാർ കുരുടിക്കൊല്ലിയിൽ വെച്ച് മറ്റൊരു വഴിയാത്രക്കാരിയുടെ മാല കവരാനും ശ്രമിച്ചിരുന്നു. മേരിയുടെ അയൽവാസിയും ആലക്കോട് ക്ഷീര വികസന വകുപ്പ് ഓഫീസിലെ ജീവനക്കാരിയുമായ കാരിക്കാട്ടിൽ ദീപയുടെ മാല തട്ടിയെടുക്കാനാണ് ശ്രമം നടന്നത്. ദീപയും രാവിലെ പള്ളിയിലേക്ക് നടന്നു പോവുകയായിരുന്നു. കവർച്ചക്കാർ ബൈക്കുമായി അടുത്തേക്ക് വന്നപ്പോൾ ദീപ സമീപത്തെ പറമ്പിലേക്ക് മാറിയതിനാലാണ് രക്ഷപ്പെട്ടത്. ഇതോടെ സംഘം ഇവിടെ നിന്ന് സ്ഥലം വിട്ടു. മേരിയുടെ മാല കവർന്ന് നിമിഷങ്ങൾക്കുള്ളിലാണ് ദീപയുടെ മാല തട്ടിയെടുക്കാനും ശ്രമം നടന്നത്. മേരി ഉടൻ തന്നെ തിരിച്ചെത്തിയപ്പോഴാണ് വീട്ടുകാർ സംഭവം അറിയുന്നത്. ആലക്കോട് എസ്.ഐ കെ.ജെ.ബിനോയിയുടെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി. അരങ്ങം ഹോമിയോ ആശുപത്രിക്ക് സമീപത്തെ ഒരു വീട്ടിൽ സ്ഥാപിച്ച സി.സി ക്യാമറയിൽ ബൈക്ക് യാത്രികരുടെ ദൃശ്യങ്ങൾ പതിഞ്ഞിട്ടുണ്ട്. പോലീസ് ഇത് കേന്ദ്രീകരിച്ച് അന്വേഷണം നടത്തിവരികയാണ്.

പാനൂരിൽ ബി.ജെ.പി ഓഫീസിന് ബോംബേറ്

തലശേരി: പാനൂർ പത്തായക്കുന്നിൽ ബി.ജെ.പി ഓഫീസിന് നേരെ ബോംബേറ്. ഇന്ന് പുലർച്ചെ 12.30ഓടെയാണ് പത്തായക്കുന്നിലെ പാട്യം പഞ്ചായത്ത് ബി.ജെ.പി ഓഫീസിന് നേരെ ബോംബേറുണ്ടായത്. ഓഫീസിന്റെ ചുമരും ജനലും ബോംബേറിൽ തകർന്നു. ചുമരിന് വിള്ളലുണ്ടായി. ജനലിന്റെ വാതിലുകൾ തകർന്ന് തെറിച്ചുവീണു. മേൽക്കൂര ഷീറ്റിനും കേടുപാട് സംഭവിച്ചിട്ടുണ്ട്. സമീപത്ത് രണ്ട് ബോംബ് സ്ഫോടനം ഉണ്ടായതായി നാട്ടുകാർ പറഞ്ഞു. കതിരൂർ പോലീസ് സ്ഥലത്തെത്തി അന്വേഷണമാരംഭിച്ചു.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2770
പവന് :22160
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ജ്വല്ലറി കവർച്ച; പ്രതികളെ പോലീസ് കസ്റ്റഡിയിൽ വാങ്ങി

ആലക്കോട്: കരുവഞ്ചാലിലെ പൗർണ്ണമി ജ്വല്ലറി കൊള്ളയടിക്കാൻ ശ്രമിച്ച സംഭവത്തിൽ അറസ്റ്റിലായ രണ്ടംഗ സംഘത്തെ പോലീസ് തെളിവെടുപ്പിനായി കസ്റ്റഡിയിൽ വാങ്ങി. പടപ്പേങ്ങാട് ബാലേശുഗിരിയിലെ ജിൻഷോ അബ്രാഹം (22), മയ്യിൽ ഒറപ്പടിയിലെ ലൈജു ബാലകൃഷ്ണൻ (22) എന്നിവരെയാണ് ആലക്കോട് എസ്.ഐ കെ.ജെ.ബിനോയിയുടെ നേതൃത്വത്തിൽ കസ്റ്റഡിയിൽ വാങ്ങിയത്. കഴിഞ്ഞ 19ന് രാത്രിയിലാണ് ഇരുവരും ചേർന്ന് ഗ്യാസ് കട്ടർ ഉപയോഗിച്ച് ഷട്ടർ അറുത്തുമാറ്റി ജ്വല്ലറി കൊള്ളയടിക്കാൻ ശ്രമിച്ചിരുന്നത്. ഇതിനിടെ സമീപത്തെ ഹോട്ടൽ വ്യാപാരി കട തുറന്നതോടെ കവർച്ചാശ്രമം ഉപേക്ഷിച്ച് സംഘം കാറിൽ രക്ഷപ്പെടുകയായിരുന്നു. പിന്നീട് മയ്യിൽ ടൗണിലെ മൊബൈൽ ഷോപ്പിൽ വൻ കവർച്ച നടത്തിയതിന് ഇരുവരും അറസ്റ്റിലായിരുന്നു. ഈ കേസുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്തപ്പോഴാണ് കരുവഞ്ചാലിലെ കവർച്ചാശ്രമവും തെളിഞ്ഞത്. മയ്യിൽ കവർച്ചക്കേസിൽ റിമാന്റിലായിരുന്ന പ്രതികളെ എസ്.ഐ ബിനോയി നേരത്തെ ജയിലിലെത്തി അറസ്റ്റ് രേഖപ്പെടുത്തിയിരുന്നു. ജ്വല്ലറി കവർച്ചയുമായി ബന്ധപ്പെട്ട തെളിവെടുപ്പിനായാണ് കോടതിയുടെ അനുമതിയോടെ ഇരുവരെയും കസ്റ്റഡിയിൽ വാങ്ങിയത്. തെളിവെടുപ്പ് നടപടികൾ നടന്നുവരികയാണ്.

കദീജ

ആലക്കോട്: കൊച്ചുകുട്ടാപറമ്പിലെ ലാങ്ങോടൻ കദീജ (82) നിര്യാതയായി. ഭർത്താവ് പരേതനായ പരീക്കുട്ടി. മക്കൾ: നബീസ, സൈനബ, ആമിന, മൂസ, മുഹമ്മദ്, ആലിക്കുട്ടി, ഹംസ (സൗദി). മരുമക്കൾ: മൊയ്തീൻ (കുട്ടാപറമ്പ്), ഫാത്തിമ (ചപ്പാരപ്പടവ്), ഫാത്തിമ (വായാട്ടുപറമ്പ്), സറീന (ഏര്യം).

ചരമം

മാത്യു

ആലക്കോട്: കരുവഞ്ചാൽ കുറ്റിപ്പുഴയിലെ ആദ്യകാല കുടിയേറ്റ കർഷകൻ ചാണാക്കാട്ടിൽ മാത്യു (കുട്ടിച്ചേട്ടൻ-78) നിര്യാതനായി. ഭാര്യ: കങ്ങഴ മുള്ളംകുഴിയിൽ കുടുംബാംഗം ത്രേസ്യാമ്മ. മക്കൾ: ജോർജ്, ബാബു, എൽസമ്മ, സാബു ചാണാക്കാട്ടിൽ (സാൻ ജോസ് എർത്ത് മൂവേഴ്സ്, ചെയർമാൻ കരുവഞ്ചാൽ ആർട്സ് അക്കാഡമി), ബിജു, സജി (കാനാ കാറ്ററിംഗ്), സിസ്റ്റർ അനില (അഡോറേഷൻ കോൺവെന്റ് രാജ്ഘട്ട്). മരുമക്കൾ: ഗ്രേസി ഏഴുപാറയിൽ (ഉദയഗിരി), റോസമ്മ മുണ്ടുപാലം (എടക്കോം), രാജു പൊടിമറ്റം (കാലിക്കടവ്), റോസമ്മ കരോട്ടുപാറയിൽ (വെള്ളാട്), ബിജി കാക്കിയാനിയിൽ (കരുവഞ്ചാൽ), ഷൈനി മുരിയൻ കാവുങ്കൽ (നടുവിൽ). സഹോദരങ്ങൾ: മറിയാമ്മ പയ്യംമ്പള്ളിൽ (കരുവഞ്ചാൽ), തങ്കമ്മ വാണിശേരി (കൂടപ്രം). സംസ്കാരം നാളെ രാവിലെ പത്ത് മണിക്ക് തടിക്കടവ് സെന്റ് ജോർജ് പള്ളിയിൽ.

ഫാത്തിമ

ശ്രീകണ്ഠപുരം: പരിപ്പായിലെ പരേതനായ പുതിയപുരയിൽ പള്ളി ഹാജിയുടെ ഭാര്യ അയ്യകത്ത് മൊട്ടക്കൽ ഫാത്തിമ (97) നിര്യാതയായി. മക്കൾ: നബീസ, മുഹമ്മദ് പള്ളി ഹാജി, അബ്ദുൾറഹ്മാൻ, അബ്ദുൾഅസീസ്, ഖദീജ, മുസ്തഫ. മരുമക്കൾ: അബ്ദുള്ള ചൂണ്ടുന്നുമ്മൽ, ഫാത്തിമ, ആമിന, മറിയം, അബ്ദുള്ള, ഫാത്തിമ.

ജോർജ്

പെരുമ്പടവ്: നായ്ക്കുന്നിലെ കിഴക്കേ അരഞ്ഞാണിയിൽ ജോർജ് (കുഞ്ഞ്-65) നിര്യാതനായി. ഭാര്യ മൗവത്താനി കുളത്താപ്പള്ളിൽ കുടുംബാംഗം മേരി. മക്കൾ: ബിനോയി. ലിൻസി (സൗദി), ലിബിൻ (അബുദാബി). മരുമക്കൾ: വിനീത, അഞ്ജു, ഷിബു കടവിൽ (സൗദി). സഹോദരങ്ങൾ: എബ്രാഹം, സെലിൻ, ജോസഫ്, ജോൺ, ലിസി, ബെന്നി. സംസ്കാരം പിന്നീട്.

ഡേവിഡ്

ആലക്കോട്: അരിവിളഞ്ഞപൊയിലിലെ പൊരിമറ്റത്തിൽ ഡേവിഡ് എം. ജോർജ് (67) നിര്യാതനായി. ഭാര്യ: സാലി. മക്കൾ: സോണി, സ്നേഹ. മരുമക്കൾ: ബിനു, ഷൈൻ. സംസ്കാരം വെള്ളിയാഴ്ച രാവിലെ പത്ത് മണിക്ക് തളിപ്പറമ്പ് ബ്രദറൻ സെമിത്തേരിയിൽ.

ഉമ്മർകുട്ടി

തളിപ്പറമ്പ: മാർക്കറ്റിലെ മന്ന പെട്രോൾ പമ്പിന് സമീപത്തെ മന്തവളപ്പിൽ ഉമ്മർകുട്ടി (48) നിര്യാതനായി. തളിപ്പറമ്പ് മത്സ്യമാർക്കറ്റിലെ റൈറ്ററായിരുന്നു. ഭാര്യ: റജീന. മകൾ: സൽമ. സഹോദരൻമാർ: സിദിഖ്, ഇസ്മയിൽ.

ഉദയഗിരിയിൽ നിര്യാതനായ കുറ്റിയിൽ ജോസഫ്

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 310 RNI Reg.No.KER MAL/2007/22043